II.ഇ.ബി. XII--കേരള നിയമസഭ/I- 4

**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2006 ജൂൺ 22, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

18(*84,*99 &*107) മാതൃക ആശുപത്രി

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലേയും ഒരാശുപത്രി ഘട്ടംഘട്ടമായി മാതൃകാ ആശുപത്രിയാക്കി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ആദ്യഘട്ടമായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി ലഭ്യമാകുന്ന 20 ലക്ഷം രൂപ വീതം ചെലവഴിച്ച് ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി 42 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ മാതൃക ആശുപത്രിയായി ഉയർത്തി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മെച്ചപ്പെട്ട ചികിൽസ ലഭ്യമാക്കുന്നതാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇല്ലാത്ത സ്ഥലങ്ങളിൽ മറ്റ് ഏതെങ്കിലും ഗവൺമെന്റ് ആശുപത്രിയെ മാതൃക ആശുപത്രിയാക്കും. ഐ.പി. യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നതും കിടക്കകൾ ഉള്ളതുമായ

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പലതും നിറുത്തലാക്കി ഒ.പി. യൂണിറ്റുകൾ മാത്രമാക്കി പ്രവർത്തിപ്പിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പുതുതായി അധിക തസ്തികകൾ സൃഷ്ടിച്ചും പോരായ്മകൾ പരിഹരിച്ചും മാത്രമേ ഐ.പി. യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂവെന്നും ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും മന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹെൽത്ത് സർവ്വീസസിൽ അടിയന്തിരമായി ഡി.പി.സി. ചേർന്ന് അസിസ്റ്റന്റ് സർജൻമാരെ സിവിൽ സർജൻമാരായി പ്രൊമോട്ട് ചെയ്യുകയും നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി, ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തി ജനറൽ ആശുപത്രി, ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിലെ സൗകര്യങ്ങൾ വിപുലീകരിക്കാനും ഒരു ഡോക്ടറും ഇല്ലാത്ത ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനും കർക്കശ നടപടികൾ സ്വീകരിക്കും. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ നിലവിലുള്ള തസ്തികകളിൽ ഈക്വൽ ഡിസ്ട്രിബ്യൂഷൻ നടത്താനും ഡോക്ടർമാർ ജോലിചെയ്യാൻ വിസമ്മതിക്കുന്ന സ്ഥലങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്താനും ഉദ്ദേശിക്കുന്നതായി മന്ത്രി അറിയിച്ചു. ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലായതുകൊണ്ട് അവിടുത്തെ മാലിന്യനിർമ്മാർജ്ജന

സംവിധാനങ്ങൾ തീരുമാനിക്കേണ്ടതും അത്തരം സ്ഥാപനങ്ങളാണ്. പരിസരം വൃത്തിയായും ശുചിയായും പരിപാലിക്കുന്നതിനാവശ്യമായ നിർദ്ദേശം അതാത് ആശുപത്രികൾക്ക് നൽകുന്നതാണ്. കേരളത്തിലെ 5 ജില്ലകൾ ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലേയും ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളുടെ നവീകരണത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുവരുന്നുണ്ട്. രോഗപ്രതിരോധത്തിനാവശ്യമായ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ മേജർ ആശുപത്രികൾക്കുപുറമെ ഗ്രാമീണ മേഖലകളിലേയും നഗരപ്രദേശങ്ങളിലേയും ആശുപത്രികളുടെ പ്രവർത്തനം പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത് ജനപങ്കാളിത്തത്തോടു കൂടിയുള്ള ജനകീയ ആരോഗ്യ നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാനുള്ള സാധ്യത മുൻകൂട്ടി കണ്ടുകൊണ്ട് തീരപ്രദേശങ്ങളിൽ അത് തടയുന്നതിനാവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കല്പറ്റ, അഞ്ചുതെങ്ങ് എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പരാധീനതകൾ പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണെന്നും മഞ്ചേശ്വരം ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

19 (*87) <u>കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര ഗ്രാമീണ വികസന പദ്ധതിയായ എസ്.ജി.എസ്.വൈ പ്രകാരം തിരുവനന്തപുരം

ജില്ലയിലെ 4000 നെയ്ത്തുകാർക്ക് ഗുണകരമാകുന്ന 14.64 കോടി രൂപയുടെ 'തനിമ' പദ്ധതിയും കണ്ണൂർ ജില്ലയിൽ 3000 പേർക്ക് ഗുണകരമാകുന്ന 11.08 കോടി രൂപയുടെ 'കൃതിക' പദ്ധതിയും തുടങ്ങിക്കഴിഞ്ഞതായി അറിയിച്ചു. 1000 നെയ്ത്തുകാർക്കുവേണ്ടി 3 കോടി രൂപ ചെലവുവരുന്ന ക്രാഫ്റ്റ് കള്സ്റ്റർ ഡെവലപ്മെന്റ് പദ്ധതി കോഴിക്കോടും നെയ്ത്തുകാർക്ക് പുതിയ ഡിസൈനുകൾ തയ്യാറാക്കുന്നതിലേയ്ക്കായി 70 ലക്ഷം രൂപ ചെലവിൽ പുതിയ ടെക്സ്റ്റയിൽ പ്രോജക്ട് ഡെവലപ്മെന്റ് സെന്റർ ബാലരാമപുരത്തും ആരംഭിച്ചുകഴിഞ്ഞു. കണ്ണൂർ ജില്ലയെ ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് ഫോർ ഹാന്റ്ലൂം ആക്കുന്നതിനുവേണ്ടിയുള്ള 132 കോടി രൂപയുടെ പെർസ്പെക്ടീവ് പ്ളാൻ കൈത്തറി ഡയറക്ടർ പരിശോധിച്ചുവരികയാണ്. കൂടാതെ, പാലക്കാട്, എറണാകുളം ജില്ലകളിൽ 5000 നെയ്ത്തുകാർക്കു വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 12.86 കോടി രൂപയുടെ പ്രതിഭ പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്കുള്ള 9.73 കോടി രൂപയുടെ റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ മേഖലയെ നവീകരിക്കുന്നതിനായി വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, പരിശീലന വൈദഗ്ദ്ധ്യ വികസന പരിപാടി, സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ, ഫാക്ടറി മാതൃകാ സംഘങ്ങളുടെ ആധുനികവൽക്കരണം, ഉൽപന്ന വികസന വൈദഗ്ദ്ധ്യ ഉന്നമന പദ്ധതി, കലാപരമായ കൈത്തറി വസ്തുക്കളുടെ വിപുലീകരണം

എന്നീ സംസ്ഥാന പദ്ധതികളും ദീൻദയാൽ ഹാത്കർഗ്ഗ പ്രോത്സാഹൻ യോജന, കയറ്റുമതി ഉൽപന്ന വികസന വിപണന പദ്ധതി എന്നീ കേന്ദ്രസഹായ പദ്ധതികളും നടപ്പാക്കി വരുന്നു.

20 (*91) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജല അതോറിറ്റി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നറിയിച്ചു.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള 83 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ;

50 ശതമാനം കേന്ദ്ര സഹായത്തോടെയുള്ള 8 ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതികൾ;

ടെക്നോളജി മിഷന്റെ കീഴിൽ നടപ്പാക്കിവരുന്ന 9 പദ്ധതികൾ;

90 ശതമാനം കേന്ദ്ര സഹായത്തോടേയും 10 ശതമാനം ഉപഭോക്തൃ വിഹിതത്തോടേയും നടപ്പാക്കിവരുന്ന 14 മിനി കുടിവെള്ള പദ്ധതികൾ; വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന 2813 മഴവെള്ള ശേഖരണ യൂണിറ്റുകൾ; 206 സ്വജൽധാര പദ്ധതികൾ;

എൻ.സി/പി.സി വാർഡുകളിലേയ്ക്ക് കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന 332 കുടിവെള്ള പദ്ധതികൾ;

എൽ.ഐ.സി/ഹഡ്കോ സഹായത്തോടെ നടപ്പാക്കിവരുന്ന 88 കുടിവെള്ള പദ്ധതികൾ;

നബാർഡിന്റെ ലോൺ സഹായത്തോടെയുള്ള 8 പദ്ധതികൾ;

ബാങ്ക് ലോൺ വഴി 3 പദ്ധതികൾ;

ജെ.ബി.ഐ.സി. ധനസഹായത്തോടെ നടപ്പാക്കിവരുന്ന കേരള വാട്ടർ സപ്ളൈ പ്രോജക്ട്;

സുനാമി ദുരിതാശ്വാസ പദ്ധതികളിൽപ്പെടുത്തി ഏഷ്യൻ വികസന ബാങ്ക്, ലോക ബാങ്ക് ധനസഹായത്തോടെയുള്ള 4 പുനരുദ്ധാരണ പദ്ധതികൾ.

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ജലനിധി കുടിവെള്ള ശുചിത്വ പദ്ധതി, കേരള റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിറ്റേഷൻ ഏജൻസിവഴി നടപ്പാക്കിവരുന്നു. 110 പഞ്ചായത്തുകളിലായി 3620 ജലനിധി കുടിവെള്ള പദ്ധതികളും 10 പഞ്ചായത്തുകളിൽ പ്രത്യേക ഗിരിവർഗ്ഗ കുടിവെള്ള പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. മഴവെള്ള സംഭരണ പ്രചരണ പരിപാടിയുടെ ഭാഗമായി 700-ലധികം മാതൃകാ മഴവെള്ള സംഭരണികൾ നിർമ്മിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നഗര പ്രദേശങ്ങൾക്കായി 65 കുടിവെള്ള പദ്ധതികളും 952 സമഗ്ര കുടിവെള്ള പദ്ധതികളും 878 ഗ്രാമീണ കുടിവെള്ള പദ്ധതികളും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

<u>കുടിവെള്ള പദ്ധതിക്കായി ഓരോ ജില്ലയും ഇതുവരെ ചെലവഴിച്ചതും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതുമായ തുക</u>

| ജില്ല | ജലനിധി | | കെ.ഡബ്ള്യു.എ. |
|---|---|---|---|
| | ഇതുവരെ ചെലവഴിച്ച തുക (കോടിയിൽ) | ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക | ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക (ലക്ഷത്തിൽ) |
| തിരുവനന്തപുരം | 2.59 | 1.86 | 53063 |
| കൊല്ലം | 4.20 | 3.05 | 38264 |
| ആലപ്പുഴ | - | - | 61461 |
| പത്തനംതിട്ട | 2.38 | 1.55 | 9118 |
| കോട്ടയം | 2.72 | 3.35 | 15242 |
| ഇടുക്കി | 1.36 | 4.46 | 14322 |
| എറണാകുളം | 7.25 | 0.30 | 17749 |
| തൃശൂർ | 16.03 | 15.56 | 17410 |
| പാലക്കാട് | 28.57 | 9.95 | 14954 |
| മലപ്പുറം | 49.60 | 21.63 | 20101 |
| കോഴിക്കോട് | 28.27 | 6.42 | 68690 |
| കണ്ണൂർ | 3.35 | 6.57 | 47062 |
| വയനാട് | 1.94 | 7.96 | 6238 |
| കാസർഗോഡ് | 2.09 | 4.97 | 8819 |

21 (*96) ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നതായി അറിയിച്ചു.

സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി;

മാർജിൻമണി വായ്പ;

സാങ്കേതികവിദ്യാ വികസന നിധി;

വിപണന പദ്ധതി/വിപണന പ്രചോദനം;

പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽ പദ്ധതി;

വ്യവസായം തുടങ്ങുന്നതിന് വികസിപ്പിച്ചെടുത്ത സ്ഥലവും കെട്ടിടവും;

ലൈസൻസുകളും ക്ളീയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻചാനൽ കൗണ്ടറും ഏകജാലക ക്ളീയറൻസ് ബോർഡും;

എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ;

വ്യവസായം തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക വിവരങ്ങളും മറ്റ് നിർദ്ദേശങ്ങളും നൽകാൻ ഉദ്ദേശിച്ചുള്ള പ്രൊഫിഷ്യൻസി ഇന്റർഫേസ് സെല്ലുകൾ;

വ്യവസായ സംരംഭകത്വ വികസന പരിശീലനം/തൊഴിലധിഷ്ഠിത പരിശീലനങ്ങൾ;

വ്യവസായ സംരംഭകർ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾക്ക് സാദ്ധ്യതാ റിപ്പോർട്ടുകൾ തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ശുപാർശ ചെയ്യൽ;

കലാലയങ്ങളിലും സാങ്കേതികവിദ്യാ സ്ഥാപനങ്ങളിലും വ്യവസായ സംരംഭകത്വ വികസന ക്ളബ്ബുകൾ പ്രവർത്തിപ്പിക്കൽ;

ഗവേഷണ വികസന കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ എന്നിവയിൽനിന്നുള്ള സാങ്കേതികജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു;

വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ നൽകൽ;

പരിശീലനം ലഭിച്ച ക്ളസ്റ്റർ വികസന ഏജന്റുമാരുടെ സേവനവും ക്ളസ്റ്റർ വികസനവും സാദ്ധ്യമാക്കൽ;

പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായം;

വ്യാവസായിക ആവശ്യത്തിനുള്ള തദ്ദേശ സ്വയംഭരണ/സംസ്ഥാന സർക്കാർ സ്ഥലം മുൻഗണനാടിസ്ഥാനത്തിൽ;

സംരംഭകരുടെ അഭിരുചികൾക്കനുസരിച്ച് വിജയസാദ്ധ്യതയുള്ള പദ്ധതിയുടെ ആവിഷ്ക്കാരത്തിനുള്ള സഹായം;

പദ്ധതിക്കാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കാനുള്ള സഹായം;

ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണന സൗകര്യം;

വ്യാവസായിക ക്ളസ്റ്റർ രൂപീകരണം, അസംസ്കൃതവസ്തു സംഭരിക്കുവാനുള്ള പദ്ധതി, പൊതുവിപണന സമ്പ്രദായം;

ചെറുകിട വ്യവസായ പാർക്കുകളിൽ വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ, ഏകജാലക ക്ളീയറൻസ് സംവിധാനം, സ്റ്റാമ്പ് ഡ്യൂട്ടി – രജിസ്ട്രേഷൻ ഫീസ് ഇളവുകൾ എന്നീ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലുള്ള ബീഡി, കയർ, കൈത്തറി, കശുവണ്ടി, മുള, ഈറ, കരകൗശലം തുടങ്ങിയവ സംരക്ഷിച്ച് നിലനിറുത്തുന്നതിന് സഹായകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

25(442, 443 & 448) പൊതുമേഖലാ സ്ഥാപനങ്ങൾ

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2005–06–ലെ പ്രൊവിഷണൽ കണക്കുപ്രകാരം 13 എണ്ണം ലാഭത്തിലും 31 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുന:ക്രമീകരണം, വളരെ അത്യാവശ്യമായ Capital upgradation, manpower rationalization/ redeployment, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ ഇപ്പോഴത്തെ സ്ഥിതി അവലോകനം ചെയ്തുവരുന്നു. കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള കൺസ്ട്രക്ഷൻ കംപോണന്റ് ലിമിറ്റഡ്, മെട്രോപൊളിറ്റൻ എൻജിനിയറിംഗ് കമ്പനി ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ് എന്നിവയുടെ പ്രവർത്തനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിറുത്തലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ 31–3–05 വരെയുള്ള സഞ്ചിത നഷ്ടം 145,602.03 ലക്ഷം രൂപയാണ്.

26(452) വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ

കേരളത്തിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലാണ് വ്യവവസായ വളർച്ചാ കേന്ദ്രങ്ങളുള്ളത്. കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഓവർ ഹെഡ് ടാങ്കിൽ നിന്നും ഉപഭോക്താക്കൾക്ക് ജല വിതരണത്തിനായി ഗ്രോത്ത് സെന്ററിനകത്ത് സ്ഥാപിക്കേണ്ട പൈപ്പുലൈനു

കൾ, വെള്ളം പമ്പു ചെയ്യുന്നതിനോടനുബന്ധിച്ചുള്ള ബാക്കി ജോലികൾ എന്നിവയെല്ലാം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്നാംഘട്ട വികസനം മിക്കവാറും പൂർത്തിയായ കോഴിക്കോട് വളർച്ചാ കേന്ദ്രത്തിൽ സംരംഭകരെ ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ വളർച്ചാ കേന്ദ്രത്തിൽ ഉൾഗതാഗത റോഡുകളുടെ നിർമ്മാണം പുരോഗതിയിലാണ്. അതിർത്തികളിൽ കമ്പിവേലി കെട്ടുവാനുള്ള പണി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മലപ്പുറം വളർച്ചാ കേന്ദ്രത്തിൽ കടലുണ്ടിപ്പുഴയിൽനിന്നും തടയണ കെട്ടി വെള്ളം എത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നതു കൂടാതെ സംരംഭകർക്ക് സ്ഥലം അനുവദിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

27(468) <u>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എസ്.എസ്.ഐ.യൂണിറ്റുകൾ</u>

സംസ്ഥാനത്ത് 31–3–2006 വരെ രജിസ്റ്റർ ചെയ്ത 286,210 എസ്.എസ്.ഐ. യൂണിറ്റുകളിൽ 193,302 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

28(549) <u>നിർമ്മാണത്തിലിരിക്കുന്ന ജലസേചന പദ്ധതികൾ</u>

സംസ്ഥാനത്ത് ജലസേചന പദ്ധതികളായ കാരാപ്പുഴ, ബാണാസുര സാഗർ, തൃത്താല റെഗുലേറ്റർ–കം–ബ്രിഡ്ജ്, കുരിയാർകുറ്റി–കാരാപ്പാറ, പലകപ്പാണ്ടി, മുവാറ്റുപുഴവാലി, ഇടമലയാർ തുടങ്ങിയ ജലസേചന പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. മലപ്പുറം ജില്ലയിലെ ഈശ്വരമംഗലത്ത് ഭാരതപ്പുഴയിൽ ചമ്രവട്ടം റെഗുലേറ്റർ–കം–ബ്രിഡ്ജ് പബ്ളിക്–പ്രൈവറ്റ് പാർട്ട്നർഷിപ്പ് (PPP) അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വയനാട് ജില്ലയിൽ നൂൽപ്പുഴ, കടമാൻതോട്. ചേക്കാട്, ചുണ്ടലിപ്പുഴ, കല്ലംപതി എന്നീ

പദ്ധതികൾക്ക് ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കാസറഗോഡ് ജില്ലയിലെ മൂന്നാം കടവ് പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും പാലക്കാട് ജില്ലയിലെ അട്ടപ്പാടി പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും പരിശോധനയിലാണ്. പൂർത്തിയാക്കിയ പദ്ധതികളുടെ പ്രവർത്തനക്ഷമത കൂട്ടുന്നതിനായി 'റിവാമ്പിംഗ് ആന്റ് എഫിഷ്യന്റ് മാനേജ്മെന്റ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

29(588) <u>തണ്ണീർത്തടങ്ങൾ</u>

അഷ്ടമുടി കായൽ, ശാസ്താംകോട്ട തടാകം, വേമ്പനാട്ടു കായൽ, വെള്ളായണി കായൽ, വേളി കായൽ, തൃശ്ശൂർ കോൾ നിലങ്ങൾ, ആക്കുളം കായൽ, കഠിനംകുളം കായൽ എന്നിവയാണ് കേരളത്തിലെ പ്രധാനപ്പെട്ട തണ്ണീർത്തടങ്ങൾ. ഇവയിൽ അഷ്ടമുടി കായൽ, ശാസ്താംകോട്ട തടാകം, വേമ്പനാട്ടു കായൽ എന്നിവയ്ക്ക് റാംസർ അംഗീകാരം കിട്ടിയിട്ടുണ്ട്.

30(598) <u>കടൽഭിത്തി നിർമ്മാണം</u>

തിരുവനന്തപുരം ജില്ലയിലെ വലിയതുറ, പൂന്തുറ, പള്ളിത്തുറ, ബീമാപള്ളി, മുതലപ്പൊഴി, പനത്തുറക്കര, താഴമ്പള്ളി, വിഴിഞ്ഞം, കൊല്ലങ്കോട്, അടിമലത്തുറ, കരിമ്പള്ളിക്കര, ഓടയം എന്നീ പ്രദേശങ്ങളും കൊല്ലം ജില്ലയിലെ അഴീക്കൽ, ആലപ്പാട്, തറയിൽക്കടവ്, പെരുമ്പള്ളി, താനി, മുക്കം, കോവിൽത്തോട്ടം, ചെറിയഴീക്കൽ, ജയന്തി കോളനി, പതിയാങ്കര, ചവറ, പൊൻമന, ശക്തികുളങ്ങര, നീണ്ടകര, കരുനാഗപ്പള്ളി, വെള്ളനാത്തുരുത്ത്, മംഗലം എന്നീ പ്രദേശങ്ങളും ആലപ്പുഴ ജില്ലയിലെ ആലപ്പുഴ, വിജയാ പാർക്ക്, ഓമനപ്പുഴ, തോട്ടപ്പള്ളി, തുമ്പോളി, അർത്തുങ്കൽ,

കാട്ടൂർ, തൃക്കുന്നപ്പുഴ, പുന്നപ്ര, അന്ധകാരനഴി, നീർക്കുന്നം, വണ്ടാനം, പുറക്കാട്, ആലപ്പുഴ ജില്ല ആശുപത്രിക്കു സമീപം, ആനന്ദേശ്വരം, അമ്പലപ്പുഴ, കക്കാഴം, ചാപ്പക്കടവ്, ചെട്ടിക്കാട്, പള്ളിത്തോട് എന്നീ പ്രദേശങ്ങളും എറണാകുളം ജില്ലയിലെ ചെല്ലാനം, വൈപ്പിൻ, പള്ളുരുത്തി, മട്ടാഞ്ചേരി, ഞാറയ്ക്കൽ എന്നീ പ്രദേശങ്ങളും തൃശ്ശൂർ ജില്ലയിലെ ഏറിയാട്, അഴീക്കോട്, ചാവക്കാട്, പൊക്കാളി, വാടാനപ്പള്ളി, എടവിലങ്ങാട്, എസ്.എൻ.പുരം പഞ്ചായത്ത്, മതിലകം, പെരിങ്ങാരം, ഏങ്ങണ്ടിയൂർ എന്നീ പ്രദേശങ്ങളും മലപ്പുറം ജില്ലയിലെ താന്നൂർ, കൂട്ടായി, പടിഞ്ഞാറേക്കര, പൊന്നാനി, തിരൂർ, പരപ്പനങ്ങാടി, അരിയല്ലൂർ ബീച്ച്, കെട്ടുങ്ങൽ, വെളിയങ്ങോട്, തെക്കേ കടപ്പുറം, പുതു പൊന്നാനി, ഒട്ടുമന്ന കടപ്പുറം എന്നീ പ്രദേശങ്ങളും കോഴിക്കോട് ജില്ലയിലെ മൂടായി, പുതിയകടവ്, പുതിയങ്ങാടി, പരപ്പാലിയൂർ, അയണിക്കാട്, ബേപ്പൂർ, കൊയിലാണ്ടി മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളും കണ്ണൂർ ജില്ലയിലെ മാപ്പിളബേ, വലിയകടപ്പുറം, പുതിയങ്ങാടി, മീൻകുന്ന്, മാട്ടൂൽ, കടലായി, മൈതാനപ്പള്ളി, തയ്യിൽ, മുഴപ്പിലങ്ങാടി, പച്ചക്കര, ധർമ്മടം–പാറേക്കടവ്, തലശ്ശേരി മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളും കാസറഗോഡ് ജില്ലയിലെ ഷിറിയ, കോയിപ്പാടി, കാവുഗോളി, ചെമ്പരിക്ക, കല്ല്വളപ്പ്, അയിരൂർ, ബെല്ലാ, തായികടപ്പുറം, ഹോസ്ദുർഗ്ഗ്, കണ്ണുവീട്, പടന്ന, ചിറ്റാരി, ഉദുമ, കന്നി, കൊല്ലികുളം, ബേക്കൽ, അജാനൂർ, ചിരങ്ങായി, ബേരിക്ക, അഴീത്തല എന്നീ പ്രദേശങ്ങളിലുമാണ് കടലാക്രമണ സാധ്യതയുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ കടലാക്രമണ ഭീഷണി നേരിടുന്ന മിക്ക സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പുതുവെപ്പ് പ്രദേശത്ത് 2.76 കിലോമീറ്റർ ഒഴികെയുള്ള 20.469 കിലോമീറ്റർ പ്രദേശത്തും തൃശ്ശൂർ ജില്ലയിൽ

ഏറിയാട്, കാര, അഞ്ചങ്ങാടി, വേക്കോട്, പൊക്കാളായ, കൂലിമുട്ടം, ആറാട്ടുകടവ്, നൂരിക്കുഴി, വാടാനപ്പള്ളി, ഏങ്ങണ്ടിയൂർ, ചേറ്റുവ അഴി, ബ്ളാങ്ങാട് കടപ്പുറം തുടങ്ങിയ സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കടലുണ്ടി നഗരം, അരിയല്ലൂർ, അരയൻ കടപ്പുറം, ഒട്ടുമ്മൻ, തെക്കേ കടപ്പുറം, ഒട്ടുമ്പുറം, പണ്ടാര കടപ്പുറം, കോർമ്മൽ എളാരൻ, ചീരാൻ ഉണ്ടിയാത്, പുതിയ കടപ്പുറം, കൂടായി, പടിഞ്ഞാറേക്കര, പുതു പൊന്നാനി, വെളിയങ്ങോട് എന്നീ സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 47 കിലോമീറ്റർ നീളത്തിലും കണ്ണൂർ ജില്ലയിൽ 36.5 കിലോമീറ്റർ നീളത്തിലും കാസറഗോഡ് ജില്ലയിൽ 17.5 കിലോമീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്.

31(605) <u>ഫിഷറീസ് കൺട്രോൾ റൂമുകൾ</u>

സംസ്ഥാനത്ത് 13 ഫിഷറീസ് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. മത്സ്യബന്ധനത്തിനുപോകുമ്പോൾ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തി രക്ഷിക്കുന്നതിനായി ഡിപ്പാർട്ടുമെന്റ് വാടകയ്ക്കെടുത്ത ബോട്ടുകളുപയോഗിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും കാലാവസ്ഥാ പ്രവചനങ്ങൾ മത്സ്യത്തൊഴിലാളികളുടെ ശ്രദ്ധയിൽകൊണ്ടുവന്ന് അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ യത്നിക്കുന്നതിനും ശക്തമായ കടൽ പട്രോളിംഗ് നടത്തി അനധികൃത മത്സ്യബന്ധനം തടയുന്നതിനും ഈ കൺട്രോൾ റൂമുകൾക്കു കഴിയുന്നുണ്ട്.

32(613) <u>മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘങ്ങൾ</u>

മത്സ്യഫെഡിൽ അഫിലിയേഷനുള്ള 654 മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുണ്ട്.